I.ഇ.ബി. XII-കേരള നിയമസഭ/VII-5

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഫെബ്രുവരി 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### സ്പിരിറ്റ് കടത്ത്

മി. സ്പീക്കർ: മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഗ്രീൻ കാർഡ് ഉപയോഗിച്ച് സിമന്റ് കൊണ്ടുപോകുന്ന ലോറികളിൽ വാളയാർ ചെക്ക്പോസ്റ്റിലെ ഗ്രീൻ ചാനലുകളിൽക്കൂടി പരിശോധനയില്ലാതെ സ്പിരിറ്റ് കടത്തിയതിനെപ്പറ്റിയുള്ള അന്വേഷണം മരവിപ്പിച്ചതിനെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി.പി. മുഹമ്മദ്, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 24-1-2008-ന് മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഇൻവോയിസും ഗ്രീൻ

ചാനൽ ടോക്കണും ഉപയോഗിച്ച് വാളയാർ എക്സൈസ് ചെക്ക്പോസ്റ്റിൽ അനധികൃതമായി 7808 ലിറ്റർ സ്പിരിറ്റുമായി വന്ന ഒരു ലോറി കസ്റ്റഡിയിലെടുക്കുകയും ലോറി ഡ്രൈവറെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതു സംബന്ധിച്ച് പാലക്കാട് എക്സൈസ് റേഞ്ച് ഓഫീസർ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ചുമതല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ടീമിനാണ്. കസ്റ്റഡിയിലെടുത്ത ലോറിയുടെ രജിസ്ട്രേഷൻ പരിശോധിച്ചപ്പോൾ പ്രസ്തുത നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഒരു ഹീറോഹോണ്ട മോട്ടോർ സൈക്കിളാണെന്നും എഞ്ചിൻ നമ്പർ, ചേസിസ്സ് നമ്പർ എന്നിവ മാറ്റി ആ വാഹനം പലർക്കും കൈമാറിയിട്ടുള്ളതാണെന്നും അറിയാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് 6 പ്രതികളെ ഇതിനോടകം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട മുഴുവൻ പ്രതികളേയും കസ്റ്റഡിയിലെടുക്കുകയും കുറ്റവാളികളെ കർശനമായ ശിക്ഷയ്ക്ക് വിധേയമാക്കാൻ ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. സി.പി. മുഹമ്മദ്: ഒരു ലോറിയിൽ വന്ന സ്പിരിറ്റിന്റെ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. മുൻകൂട്ടി തയ്യാറാക്കി ഒന്നേകാൽ വർഷമായി നടക്കുന്ന ഒരു വൻ സ്പിരിറ്റ് കുംഭകോണത്തിന്റെ ഭാഗമാണ് ഈ ലോറി. 20-6-2006-ന് മലബാർ സിമന്റ്സ് കമ്പനി പുതിയ ട്രാൻസ്പോർട്ട് കരാറിന് ടെണ്ടർ വിളിക്കുകയും 'എക്സ്പോർട്ട് ലയിൻ' എന്ന ട്രാൻസ്പോർട്ട് കമ്പനിക്കും കാസർഗോഡ് ചെർക്കളയിലെ കെ.കെ. ട്രേഡേഴ്സിനും മറ്റ് രണ്ട് കമ്പനികൾക്കും കരാർ നൽകുകയും ചെയ്തു. അതേസമയംതന്നെ മലബാർ സിമന്റ്സിൽ നിന്നും സിമന്റ് കൊണ്ടുപോകു

ന്നതിനായി ഗ്രീൻചാനൽ ടോക്കൺ നൽകുന്ന സംവിധാനം ആരംഭിച്ചു. അതേ മാസംതന്നെ റെയിൽവേ വഴി കാസർഗോട്ടേയ്ക്ക് സിമന്റ് കൊണ്ടു പോയിരുന്ന കരാറുകാരൻ പിൻവാങ്ങിയപ്പോൾ പകരം ആളെ നിയമിക്കാതെ ട്രക്ക് വഴി സിമന്റ് കൊണ്ടുപോകുന്നതിന് സൗകര്യം ചെയ്തുകൊടുത്തു. മാത്രമല്ല, നഷ്ടം കാരണം നിറുത്തിവച്ചിരുന്ന മലബാർ സിമന്റ്സിന്റെ കോയമ്പത്തൂരിലെ ഗോഡൗൺ തമിഴ്നാട്ടിലേയ്ക്ക് സിമന്റ് കൊണ്ടുപോകുന്നതിനായി പുനരാരംഭിക്കുകയും മലബാർ സിമന്റ്സിൽ നിന്ന് പുറത്തേയ്ക്ക് സിമന്റ് ലോറി പോയിരുന്ന അണ്ടർപാസ് അടയ്ക്കുകയും ചെയ്തു. കഴിഞ്ഞ ഡിസംബറിനുശേഷം 20,000-ത്തോളം വണ്ടികൾ മലബാർ സിമന്റ്സിൽ കയറിയിറങ്ങിയതിൽ 6000-ത്തോളം വണ്ടികൾ ഇൻവോയിസ് രജിസ്റ്റർ അനുസരിച്ച് 'എക്സ്പോർട്ട് ലയിൻ' എന്ന കമ്പനിയുടേതാണ്. ആ കമ്പനി ഉടമയെ ഇതുവരെ ചോദ്യം ചെയ്തിട്ടില്ല. 6000 വണ്ടികളിലായി ഏതാണ്ട് 1050 കോടി രൂപയുടെ സ്പിരിറ്റാണ് കടത്തിയിട്ടുള്ളത്. മലബാർ സിമന്റ്സിൽ ഗ്രീൻ ചാനൽ ടോക്കൺ നൽകുന്ന സമ്പ്രദായം വന്നതോടുകൂടി വാളയാർ ചെക്ക്പോസ്റ്റിൽ സ്പിരിറ്റ് ലോറികളുടെ എണ്ണം കുറഞ്ഞു. വാളയാർ ചെക്ക്പോസ്റ്റിലെ ഗതാഗതതടസ്സം നീക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന പരിഷ്ക്കാരം ഇവിടെ ദുരുപയോഗം ചെയ്തിരിക്കുകയാണ്. ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.ക്കുവിടേണ്ടത് അത്യാവശ്യമാണ്. വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി പറയേണ്ട ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട് ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇന്റർ സ്റ്റേറ്റ് സ്പിരിറ്റ് മൂവ്മെന്റ് കണ്ടുപിടിക്കുന്നതിനായി ഐ.ജി. യുടെ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡിനേയും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു പ്രത്യേക ടീമിനേയും നിയോഗിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കേസിൽ 6 പേരെ പ്രതിയാക്കിയിട്ടുണ്ട്. ഒരാളെ ഇനിയും കിട്ടാനുണ്ട്. ഇതിൽ ഗവൺമെന്റിനെതിരെ ആരോപണം ഉന്നയിക്കുന്നതിനുപകരം വ്യക്തമായ തെളിവ് നൽകുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. പോലീസ് ഡിപ്പാർട്ടു മെന്റിന്റെ സഹകരണത്തോടുകൂടി എത്രയുംപെട്ടെന്ന് ഈ കേസ് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനും സ്പിരിറ്റ് കള്ളക്കടത്ത് തടയുന്ന തിനുള്ള നടപടികൾ ത്വരിതപ്പെടുത്താനും കഴിയുമെന്നാണ് പ്രതീക്ഷിക്കു ന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണംകൂടി അഭ്യർത്ഥി ക്കുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഏത് സംവിധാനമുപ യോഗിച്ചും സ്പിരിറ്റ് കള്ളക്കടത്ത് കർശനമായി നേരിടേണ്ടതാണ്. ടാക്സ് അടച്ച് കടലാസ്സുകൾ പരിശോധിക്കുന്നതിനായി നീണ്ട ക്യൂവിനുപിന്നിൽ നിൽക്കുന്നത് ഒഴിവാക്കുക എന്ന ഉദ്ദേശത്തോടെയാണ് 3-11-2006-ൽ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡിൽനിന്നുള്ള സിമന്റ് ക്ലിങ്കർ ലോറികൾക്ക് കൊമേഴ്സ്യൽ ടാക്സ് ചെക്ക്പോസ്റ്റിൽ ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തിയത്. അതുകൊണ്ട് കൊമേഴ്സ്യൽ ടാക്സിന്റെ ചെക്ക്പോസ്റ്റിനുമുമ്പ് എക്സൈസ് വകുപ്പ് ചെക്ക്പോസ്റ്റിൽ

നടത്തുന്ന പരിശോധനയ്ക്കോ മോട്ടോർ വെഹിക്കിൾസ് വകുപ്പ് ചെക്ക്പോസ്റ്റിൽ നടത്തുന്ന പരിശോധനയ്ക്കോ തടസ്സം ഉണ്ടായിട്ടില്ല. അവിടെ ഗ്രീൻ ചാനൽ സംവിധാനമില്ല. കൊമേഴ്സ്യൽ ടാക്സ് ചെക്ക്പോസ്റ്റിനുതൊട്ടുമുമ്പുള്ള എക്സൈസ് വകുപ്പിന്റെ ചെക്ക്പോസ്റ്റിൽ വച്ചാണ് ഈ ലോറി പിടിച്ചത്. കാസർഗോഡ് ഡിപ്പോ നടത്തുന്ന അനീസ് റഹ്മാൻ എന്നയാൾക്കുവേണ്ടിയാണ് ലോഡ് എടുത്തിരിക്കുന്നത്. മലബാർ സിമന്റ്സിൽ നിന്ന് സിമന്റ് ആവശ്യപ്പെടുന്ന ഡീലറുടെ കാര്യങ്ങൾ പരിശോധിക്കുന്ന ഓരോ ജില്ലകളിലുമുള്ള ഡിപ്പോകൾ ലോഡുണ്ടെന്ന് റെക്കമെന്റ് ചെയ്യണം. അങ്ങനെ റെക്കമെന്റ് ചെയ്യുമ്പോൾ ആവശ്യപ്പെടുന്ന സിമന്റിന്റെ മുഴുവൻ പണവും അടച്ച ഡി.ഡി -യും കമ്പനി ആതറൈസ് ചെയ്ത ട്രാൻസ്പോർട്ട് കോൺട്രാക്ടറുടെ രേഖയും ഹാജരാക്കുമ്പോഴാണ് സിമന്റ് വിട്ടുകൊടുക്കുന്നത്. ഈ സംഭവമറിഞ്ഞയുടനെ അനീസ് റഹ്മാന്റെ ലൈസൻസും ട്രാൻസ്പോർട്ട് കോൺട്രാക്ടറുടെ ലൈസൻസും സസ്പെന്റ് ചെയ്ത് വിശദീകരണത്തിന് നോട്ടീസ് കൊടുത്തു. അഴിമതി നടത്തുന്ന ആരേയും രക്ഷപ്പെടുത്താൻ ഈ ഗവൺമെന്റ് ശ്രമിക്കില്ല. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു

പോകുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) മീനച്ചിൽ നദീതട പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ: കോട്ടയം ജില്ലയിലെ മീനച്ചിൽ ആറിൽ മഴക്കാലത്ത് സമൃദ്ധമായ വെള്ളമുണ്ടെങ്കിലും വേനൽക്കാലമാകുമ്പോൾ വറ്റിവരണ്ടുപോകുകയാണ്. ഇതുമൂലം കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആവശ്യത്തിന് വെള്ളം കിട്ടുന്നില്ല. കോട്ടയം ജില്ലയിലെ 22 കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൂടിയായ ഈ നദിയിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്തവിധത്തിൽ വളരെയധികം മലിനീകരിക്കപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. ഈ നദിയുടെ ദുരവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന മീനച്ചിൽ നദീതട പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചുവെങ്കിലും ഇതുവരെ മുന്നോട്ടുപോയിട്ടില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ മീനച്ചിൽ നദീതട പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തി നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മീനച്ചിൽ നദീതട പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതിനായി 65 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ടെങ്കിലും ഈ നദിയുടെ ജലലഭ്യത സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിനും പദ്ധതിയുടെ വിശദാംശങ്ങൾ പഠിക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി ചീഫ്

എഞ്ചിനീയർ ചെയർമാനായി നിയോഗിച്ച 10 അംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി അംഗീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ട്. സംസ്ഥാന പ്ളാനിംഗ് ബോർഡും ഈ പദ്ധതി ഫീസിബിൾ അല്ലെന്നുപറഞ്ഞ് ഒബ്ജക്ട് ചെയ്തിട്ടുള്ളതാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡും ഈ പദ്ധതിയുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പദ്ധതി പുനരാവിഷ്ക്കരിച്ച് ചെറുതും വലുതുമായ തടയണകളും ഡാമുകളും സ്ഥാപിച്ച് മീനച്ചിൽ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കണമെന്നുള്ള വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. പുതിയ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാകുന്നതാണ്.

(2) <u>പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: പെട്രോളിയം ഉല്പന്നങ്ങളുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവുമൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. പെട്രോളിയം ഉല്പന്നങ്ങൾക്ക് വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കണം. കേരള നിയമസഭ ഒറ്റക്കെട്ടായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി വില വർദ്ധനവ് പിൻവലിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച്. സഭയിൽ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയും അവശ്യസാധനങ്ങളുടെ വിലയും

വർദ്ധിക്കുന്നതിന്റെ സാമ്പത്തിക ശാസ്ത്രം പരിശോധിച്ചാൽ അന്തർദേശീയ തലത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ഉയർന്നുകൊണ്ടിരിക്കുന്നതായാണ് പൊതുവെ കാണാൻ സാധിക്കുന്നത്. ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ ഒരു സെസ്സ് ചുമത്തി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് സ്വരൂപിച്ചിരുന്നു. റിലയൻസിന്റെ വരവോടെ ഈ ഫണ്ട് ഇല്ലാതായി. റിലയൻസ് തുടങ്ങിയ പ്രൈവറ്റ് സ്ഥാപനങ്ങൾ തങ്ങൾക്ക് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള അനുവാദം വേണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രൈസ് സ്റ്റെബിലൈസേൻ ഫണ്ട് ഇല്ലാതാക്കിയതിന്റെ ഫലമായി അന്താരാഷ്ട്ര നിലവാരത്തിൽ വിലവർദ്ധനവുണ്ടായാൽ അത് സംസ്ഥാനത്തും വില വർദ്ധനവിനിടയാക്കുന്നു. ഏതാണ്ട് 1980-85 കാലഘട്ടം വരെ അന്താരാഷ്ട്ര പൊതുവില സൂചികയും പെട്രോളിയം വില സൂചികയും പരസ്പരപൂരകങ്ങളായിട്ടാണ് നിലനിന്നത്. പിന്നീട് അവ തമ്മിൽ യാതൊരു ബന്ധവുമില്ലാതായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില എന്തുതന്നെയായാലും മറ്റ് അവികസിത രാജ്യങ്ങളിൽ നിന്നുള്ള അസംസ്ക്കൃത വസ്തുക്കളുടെ വില കൂടുന്നില്ല, ആഗോളതലത്തിൽ കൂലി വർദ്ധനവും ഉണ്ടാകുന്നില്ല. ഇതിന്റെയൊക്കെ പ്രത്യാഘാതമായി വിലക്കയറ്റത്തിന്റെ ഭാരം മുഴുവൻ മൂന്നാം ലോക രാജ്യങ്ങളിലെ അദ്ധ്വാന വർഗ്ഗത്തിന്റെ മേൽ വന്നുപതിക്കുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂടുന്നതിനൊപ്പം കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്നില്ല. ആഗോളതലത്തിലെ നയമാണ് ഇൻഡ്യയിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നതാണ് ഇതിനർത്ഥം. പെട്രോളിയം

ഉൽപ്പന്നങ്ങളുടെ വില കൂടുമ്പോൾ സംസ്ഥാനത്തെ സെയിൽസ് ടാക്സ് കുറച്ച് ആ ഭാരം സർക്കാർ വഹിക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. യു.ഡി.എഫ്. ഭരണകാലഘട്ടത്തിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചപ്പോൾ സെയിൽസ് ടാക്സിൽ കുറവ് വരുത്തിയില്ല. അഖിലേന്ത്യാ ശരാശരിയുടെ 16 ശതമാനം മാത്രമാണ് സെയിൽസ് ടാക്സ് വരുന്നത്. പക്ഷേ സെൻട്രൽ എക്സൈസോ കസ്റ്റംസോ പരിശോധിക്കുകയാണെങ്കിൽ അതിന്റെ 40 ശതമാനം വരും. വിലക്കയറ്റംമൂലമുള്ള ഭാരം സംസ്ഥാന സർക്കാരും വഹിക്കണമെന്ന കേന്ദ്രനയം ഈ സർക്കാർ അംഗീകരിക്കുന്നില്ല.

**സബ്മിഷൻ**

(1) ഇറാക്കിൽ മരണപ്പെട്ട സുരേഷിന്റെ മൃതദേഹം

ശ്രീ. പി. വിശ്വൻ: 18-02-2008-ൽ ഇറാക്കിൽ ബോംബ് സ്ഫോടനത്തിൽ മരണമടഞ്ഞ പയ്യോളി ഗ്രാമപഞ്ചായത്തിലെ ചാലിൽ സുരേഷിന്റെ മൃതദേഹം എത്രയുംവേഗം നാട്ടിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇറാക്കിൽ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട സുരേഷിന്റെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് കുവൈറ്റിലേയും ഇറാക്കിലേയും ഇൻഡ്യൻ എമ്പസികളുമായി ബന്ധപ്പെട്ടിട്ടുണ്ട്. എത്രയുംവേഗം വിവരം ലഭ്യമാക്കാമെന്ന് കുവൈറ്റിലെ ഇൻഡ്യൻ എമ്പസി മുഖേന അറിയിച്ചിട്ടുണ്ട്.

(2) വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർ

ശ്രീ. കെ. ബാബു: വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ഭൂമിക്ക് ന്യായമായ വില നൽകുകയും മാനുഷിക പരിഗണന നൽകി അവരെ പുനരധിവസിപ്പിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വല്ലാർപാടം കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് പ്രോജക്ടിനുവേണ്ടി 4 വരിപ്പാതയും റെയിൽപ്പാതയും നിർമ്മിക്കുന്നതിനാവശ്യമായ പണി പുരോഗമിച്ചുവരികയാണ്. ഫാസ്റ്റ് ട്രാക്ക് സംവിധാനപ്രകാരം ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റോഡിനും റെയിൽപ്പാതയ്ക്കുംവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മെച്ചപ്പെട്ട പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

(3) തൃശൂർ മോഡൽ റോഡിന്റെ അക്വിസിഷൻ നടപടികൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശൂർ മോഡൽ റോഡിന്റെ 2 റീച്ചുകൾ പണി പൂർത്തീകരിച്ചു. ബാക്കി പണിക്കുള്ള സ്ഥലം അക്വയർ ചെയ്യാൻ സർവ്വേ നടപടികൾ ആരംഭിച്ചെങ്കിലും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശം ഇതുവരെയും അംഗീകരിച്ചു കിട്ടിയിട്ടില്ല. എത്രയും വേഗം അംഗീകാരം നൽകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): അയ്യന്തോൾ മുതൽ സിവിൽ സ്റ്റേഷൻവരെയുള്ള റോഡുപണിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ബഡ്ജറ്റിൽ തുക ലഭ്യമാകുന്നതനുസരിച്ച് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(4) <u>'സാഫ് ' ഗെയിംസ് അത്‌ലറ്റിക് മീറ്റ്</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> എറണാകുളത്തുവച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്ന 'സാഫ് ' ഗെയിംസ് അത്‌ലറ്റിക് മീറ്റിന് എന്തൊക്കെ തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): 2007 ഡിസംബർ മാസത്തിൽ ശ്രീലങ്കയിൽ നടന്ന ദക്ഷിണേന്ത്യൻ അത്‌ലറ്റിക് ഫെഡറേഷന്റെ യോഗത്തിലാണ് ഒന്നാമത് സാഫ് അത്‌ലറ്റിക് മീറ്റ് ഇന്ത്യയിൽവച്ചു നടത്താൻ തീരുമാനിച്ചത്. കേരളത്തിന്റെ കായിക രംഗത്തെ സംഭാവനകൾ പരിഗണിച്ച് കൊച്ചിയിലെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ 2008 മാർച്ച് 7, 8 എന്നീ തീയതികളിലാണ് സാഫ് ഗെയിംസ് അത്‌ലറ്റിക് മീറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. സൗത്ത് ഏഷ്യൻ രാജ്യങ്ങളിലെ 267 അത്‌ലറ്റുകൾ പങ്കെടുക്കുന്ന ഈ മീറ്റിൽ . സ്പോൺസറിംഗ് ഉണ്ടെങ്കിലും ഭാരിച്ച ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി 50 ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ-വിദ്യാഭ്യാസ-പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ മീറ്റ് വളരെ പ്രൗഢിയോടുകൂടി നടത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(5) <u>കായികതാരങ്ങൾക്കുള്ള സംവരണ ക്വാട്ട</u>

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേരളത്തിലെ കായികതാരങ്ങളെ സംസ്ഥാനത്ത് നിലനിർത്തുന്നതിനുവേണ്ടി സർക്കാർ നിയമനങ്ങളിൽ

അവർക്ക് നൽകിവരുന്ന സംവരണ ക്വാട്ട വർദ്ധിപ്പിക്കുന്നതിനും വിവിധ കായിക മത്സരങ്ങളിൽ വിജയിച്ചുവരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടിയുണ്ടാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്ത് സ്പോർട്ട്സ് ക്വാട്ട നിയമനം ആരംഭിച്ചിട്ട് 22 വർഷമായെങ്കിലും 20 ഒഴിവു കൾ എന്ന സ്ഥിതി ഇന്നും തുടരുകയാണ്.. സർക്കാർ സർവ്വീസിലെ ഒഴിവു കളുടെ എണ്ണം വർദ്ധിച്ചിട്ടും സ്പോർട്ട്സ് ക്വാട്ട വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല. സ്പോർട്ട്സ് ക്വാട്ട വർദ്ധിപ്പിക്കുന്നതോടൊപ്പം ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ നേടി വിജയിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് 3: 2 :1 എന്നീ ക്രമത്തിൽ അഡ്വാൻസ് ഇൻക്രിമെന്റ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. കായിക താരങ്ങൾക്ക് ഓരോ വർഷവും കാഷ് അവാർഡ് കൊടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) സുനാമി ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് അനുവദിക്കപ്പെട്ട സ്കോളർഷിപ്പ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സുനാമി ബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിപ്രകാരം ഗുണഭോക്താ ക്കളായ കുട്ടികളുടെ എണ്ണം നേരത്തേ നിശ്ചയിച്ചതിൽനിന്നും വ്യത്യസ്ത മായി പരിമിതപ്പെടുത്തിയതിന്റെ കാരണവും അതിനുള്ള മാനദണ്ഡവും വ്യക്തമാക്കണം.

(ശ്രീ. പി. തിലോത്തമനും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു)

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): 19-10-2005-ലാണ് സുനാമി ബാധിത പ്രദേശത്തെ കുട്ടികൾക്കുവേണ്ടി പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് പദ്ധതി ആവിഷ്ക്കരിച്ചു കൊണ്ടുള്ള അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചത്. 2005-2006-ൽ ഗുണഭോക്താക്കളായി നിശ്ചയിക്കപ്പെട്ടത് 15,610 വിദ്യാർത്ഥികളെയാണ്. തൃശ്ശൂർ ജില്ലയിൽ നിന്ന് 7 കുട്ടികളെ പരിഗണിച്ചപ്പോൾ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് ഒരു കുട്ടിയെപ്പോലും പരിഗണിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലിസ്റ്റ് പുന:പരിശോധിക്കുകയും കൃത്യമായ മാനദണ്ഡം ആവിഷ്ക്കരിക്കുകയും ചെയ്തു. ഈ മാനദണ്ഡ പ്രകാരം, 2004-ലെ സുനാമിയിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബത്തിലെ അംഗമോ സുനാമി ബാധിത മേഖലയിൽ താമസിക്കുന്ന വിദ്യാർത്ഥി ആയിരിക്കണമെന്ന് ബന്ധപ്പെട്ട സ്കൂളിലെ പ്രധാന അദ്ധ്യാപകനോ വില്ലേജ് ഓഫീസറോ ഫിഷറീസ് ഓഫീസറോ സാക്ഷ്യപ്പെടുത്തുകയും വേണം. ഇതനുസരിച്ച് കുട്ടികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ആദ്യം കണ്ടെത്തിയ കുട്ടികളുടെ ലിസ്റ്റിൽനിന്ന് വ്യത്യാസം വരുത്താൻ ബുദ്ധിമുട്ടാണെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഇതനുസരിച്ച് 2006-2007 അക്കാഡമിക് വർഷത്തിലെ അർഹരുടെ എണ്ണം 37,789 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്രാനുമതി ലഭിക്കുന്നവർക്കുമാത്രമേ തുക അനുവദിക്കാൻ കഴിയുകയുള്ളൂ. കേന്ദ്രഗവൺമെന്റിന്റെ നില

പാടിന്റെ ഫലമായും മുൻ ഗവൺമെന്റ് അർഹരായവരുടെ പേരുകൾ ശേഖരിച്ച് അയയ്ക്കുന്നതിൽ വരുത്തിയ വീഴ്ചയുടെ അടിസ്ഥാനത്തിലുമാണ് ഇങ്ങനെ സംഭവിച്ചത്. ആലപ്പുഴ ജില്ലയിൽ പ്രതിമാസം 300 രൂപ ക്രമത്തിൽ 72,73,800 രൂപ സ്കോളർഷിപ്പ് ഇനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അർഹരായ മുഴുവൻ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) <u>എസ്.എസ്.എൽ.സി. പരീക്ഷയിലെ സമയമാറ്റം</u>

<u>ശ്രീ. കെ.സി.വേണുഗോപാൽ:</u> പൊതുപരീക്ഷയായ എസ്.എസ്.എൽ.സി. പരീക്ഷയുടെ സമയം മാറ്റി ഉച്ചയ്ക്കുശേഷമാക്കി നിശ്ചയിച്ചതുമൂലം വിദ്യാർത്ഥികൾ ഇന്ന് ഏറെ ആശങ്കയിലാണ്. ഈ തീരുമാനം പുന:.പരിശോധിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ചർച്ചകൾക്കുശേഷം മാത്രമേ പരീക്ഷാസമയമാറ്റത്തിൽ തീരുമാനമെടുക്കാൻ പാടുള്ളൂ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. എ. ബേബി)</u>: എസ്.എസ്.എൽ..സി. പരീക്ഷയും, പ്ലസ് ടൂ പരീക്ഷയും വിദ്യാഭ്യാസപരമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിശകലനം ചെയ്യാനും നിഗമനത്തിൽ എത്താനും എല്ലാപേരും ശ്രദ്ധിക്കണം. പരീക്ഷാപ്പേടിയുടെ പേരിൽ കേരളത്തിൽ ധാരാളം പ്രശ്നങ്ങൾ വന്നിട്ടുള്ളതിനാലാണ് പരീക്ഷയുടെ സ്വഭാവത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചത്. ദിവസം രണ്ട് പരീക്ഷ എന്ന രീതി മാറ്റിയാണ് ഒരു ദിവസം ഒരു പരീക്ഷ എന്ന സമ്പ്രദായം കൊണ്ടുവന്നത്. എസ്.എസ്.എൽ.സി. പരീക്ഷയും ഹയർ സെക്കന്ററി പരീക്ഷയും രാവിലേയും ഉച്ചയ്ക്കുശേഷവുമായാണ് നടത്തിയിരുന്നത്. ഇപ്പോൾ

ആ പരീക്ഷകളുടെ സമയം പരസ്പരം മാറ്റി നിശ്ചയിച്ചു എന്നുമാത്രമേയുള്ളൂ. എസ്.എസ്.എൽ.സി.ക്കാർക്ക് പഠിക്കാൻ കൂടുതൽ സമയം ലഭിക്കുകയാണ് ഇതുമൂലം ഉണ്ടായിരിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചചെയ്ത് പരീക്ഷണാടിസ്ഥാനത്തിലാണ് പുതിയ ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്.

(8) ക്ഷീരോൽപ്പാദക മേഖലയുടെ സംരക്ഷണം

ശ്രീ. സി.കെ..പി. പത്മനാഭൻ: കേരളത്തിൽ പാലിന്റെയും കാലിത്തീറ്റയുടേയും വില വർദ്ധിപ്പിച്ചതിനനുസൃതമായി ക്ഷീരകർഷകർക്ക് പാലിന് അർഹമായ വില ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിലെ ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കത്തക്കരീതിയിൽ ചാർട്ട് പരിഷ്ക്കരിക്കുന്നതിന് മിൽമയുമായി ഗവണ്മെന്റ് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ് കാലിത്തീറ്റയുടെ വില കേരള ഫീഡ്സ് വർദ്ധിപ്പിക്കാൻ നടപടിയെടുത്തപ്പോൾത്തന്നെ ഗവണ്മെന്റ് അത് തടഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി മിൽമ സംയുക്തമായി ഒരു കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പശുഗ്രാമം, മിൽക്ക്ഷെഡ്, വിദർഭ പാക്കേജ്, ക്ഷീരധാര, കന്നുകുട്ടി പരിപാലനം, കാലിത്തീറ്റ സബ്സിഡി, മെച്ചപ്പെട്ട ചികിൽസ എന്നിവ നടപ്പിലാക്കി കേരളത്തിലെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടിക്കാണ് ഗവണ്മെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

(9) നമ്പി അടവിലെ കടലാക്രമണം

ശ്രീ. ടി. എൻ. പ്രതാപൻ: 2008 ഫെബ്രുവരി 9-ന് തൃശൂർ തളിക്കുളം നമ്പി അടവിലുണ്ടായ കടൽക്ഷോഭത്തിൽ 11 വള്ളങ്ങൾ തകരുകയും തൊഴിൽമാർഗ്ഗം പൂർണ്ണമായി നഷ്ടപ്പെടുകയും ചെയ്ത മൽസ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): തൃശൂർ ജില്ലയിലെ നമ്പി അടവ് ബീച്ചിൽ 9.2.2008 പുലർച്ചെ ഒരു മണിക്കുണ്ടായ ശക്തമായ വേലിയേറ്റത്തിൽ ഈ പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങളും മറ്റും തകർന്നുപോവുകയും ഒലിച്ചുപോവുകയും ചെയ്തിട്ടുണ്ട്. ഇത്തരം ദുരന്തങ്ങൾക്ക് അടിയന്തിര സഹായം അനുവദിക്കുവാൻ ഫിഷറീസ് വകുപ്പിന് നിലവിൽ പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. നിലവിലുള്ള വ്യക്തിഗത ഇൻഷ്വറൻസ് പദ്ധതിക്കുപുറമെ മൽസ്യബന്ധന ഉപകരണങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നകാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ജില്ലാ കളക്ടറും ഫിഷറീസ് ഡയറക്ടറുമായി ചർച്ച നടത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാദ്ധ്യമായ സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

(10) കരിങ്കൽ ക്രഷർ, ക്വാറി തൊഴിലാളികൾക്ക് നിയമ പരിരക്ഷ

ശ്രീ. എം.എം. മോനായി: അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി കരിങ്കൽ-ക്രഷർ-ക്വാറി യൂണിറ്റുകളിലും നിർമ്മാണ

മേഖലകളിലും കച്ചവടസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് യാതൊരുവിധ രേഖകളുമില്ല. രാജ്യദ്രോഹികളും ക്രിമിനലുകളും നുഴഞ്ഞുകയറി ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഇത്തരം തൊഴിലാളികളെ സംബന്ധിച്ച് ആവശ്യമായ വിവരം ശേഖരിച്ച് അവരെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ. പി. കെ. ഗുരുദാസൻ): കുന്നത്തുനാട്, പെരുമ്പാവൂർ നിയോജകമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന തടി വ്യവസായ യൂണിറ്റുകളിലും കരിങ്കൽ-ക്രഷർ യൂണിറ്റുകളിലുമായി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പതിമൂവായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നിലവിലുള്ള നിയമം പാലിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും തൊഴിലാളി സംഘടനകളും ജനപ്രതിനിധികളുമായി സഹകരിച്ച് മൈഗ്രന്റ് വർക്കേഴ്സിന് ആവശ്യമായ സംരക്ഷണം കൊടുക്കുകയും പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നതാണ്.

### (11) എരയാംകുടി പ്രദേശത്തെ കർഷകസമരം

ശ്രീ. വി.ഡി. സതീശൻ : എറണാകുളം, തൃശൂർ ജില്ലകളിലെ 750 ഏക്കറോളം വരുന്ന എരയാംകുടി പാടശേഖരത്തിന്റെ 30 ഏക്കർ ചിലർ കൈയടക്കി ഇഷ്ടിക വ്യവസായം നടത്തിവരുന്നു. ഈ വ്യവസായാവശ്യത്തിനായി ചാലക്കുടി പുഴയിൽ നിന്നുള്ള ഷട്ടർ എടുത്തുമാറ്റിയതിലൂടെ ജലസേചന സൗകര്യമില്ലാതെ 400-ഓളം ഏക്കർ ഭൂമി കൃഷി ചെയ്യാൻ കഴിയാതെ തരിശായി കിടക്കുകയാണ്. ഇതിനെതിരെ

കഴിഞ്ഞ 92 ദിവസമായി അവിടെ സമരം നടക്കുകയാണ്. കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട ഈ പാടശേഖരത്തിൽ കൃഷി നടത്തുന്നതിന് ഉതകുംവിധം ഷട്ടറുകൾ പുന:സ്ഥാപിക്കാനും പ്രസ്തുത സമരം ഒത്തുതീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): മുകുന്ദപുരം താലൂക്കിൽപ്പെട്ട എരയാംകുടി പാടശേഖരത്തിൽ നടക്കുന്ന ഇഷ്ടിക കളങ്ങളുടെ പ്രവർത്തനങ്ങൾ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ജനകീയ സമിതി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാടശേഖരത്തിലെ എല്ലാവിധ ഖനന പ്രവർത്തനങ്ങളും നിറുത്തിവയ്ക്കാൻ തൃശൂർ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെതിരെ ഹൈക്കോടതിയുടെ അനുമതിയോടെ ആർ.ഡി.ഒ. യ്ക്ക് ലഭിച്ച അപേക്ഷ പ്രകാരം തരിശിട്ടിരിക്കുന്ന നിലങ്ങളിൽ കൃഷി ചെയ്യാൻ കൃഷിക്കാർക്കും നിയമവിരുദ്ധമായി കളിമണ്ണ് ഖനനം ചെയ്യരുതെന്ന് ഇഷ്ടികകളങ്ങളുടെ ഉടമകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് പ്രസ്തുത പാടശേഖരം കൃഷിയുക്ത മാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) ബി.എസ്.യു.പി. പ്രോജക്ടിന് നികുതി ഇളവ്

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം നഗരസഭയിലെ 5 കോളനികൾക്ക് ബി.എസ്.യു.പി. (Basic Service for Urban Poor) പദ്ധതിപ്രകാരം ചേരിപരിഷ്ക്കരണ പദ്ധതികൾക്കുള്ള ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവണ്മെന്റിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. 2004-ൽ തയ്യാറാക്കിയ ഡി.പി.ആർ (Detailed Project

Report) 2007-ലെ ഷെഡ്യൂൾഡ് റേറ്റ് പ്രകാരം പുതുക്കിക്കൊടുത്തു. പുതുക്കിയ റേറ്റനുസരിച്ചുള്ള അധിക ബാദ്ധ്യത നഗരസഭയ്ക്ക് വഹിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ സിമന്റ്, കമ്പി, എന്നിവയ്ക്ക് പ്രവൃത്തി ആരംഭിക്കുമ്പോഴത്തെ മാർക്കറ്റ് റേറ്റ് നൽകണമെന്ന പുതിയ ഉത്തരവും അധിക ബാധ്യതയുണ്ടാക്കുന്നതാണ്. അധിക ബാദ്ധ്യത എങ്ങനെ നിർവ്വഹിക്കാൻ കഴിയുമെന്നതു സംബന്ധിച്ച് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് തീരുമാനമുണ്ടാകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ബി.എസ്.യു.പി. പദ്ധതി പ്രകാരം 168.19 കോടി രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഇതിന്റെ 80 ശതമാനം കേന്ദ്ര വിഹിതമായി നഗരസഭകൾക്ക് ലഭിക്കും. ബാക്കി തുകയായ 33.64 കോടി രൂപയിൽ 8.72 കോടി രൂപ സംസ്ഥാന വിഹിതവും 8.19 കോടി രൂപ നഗരസഭാ വിഹിതവും 16.73 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആദ്യ രണ്ട് ഘട്ടങ്ങളിലും പ്രോജക്ട് തയ്യാക്കിയത് 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ്. എന്നാൽ ഷെഡ്യുൾ ഓഫ് റേറ്റ് 2007-ലെ പ്രാബല്യത്തിൽ പുതുക്കിയതോടെ 2.73 കോടി രൂപയോളം നഗരസഭ അധികമായി കണ്ടെത്തണം. ഈ അധികഭാരം ഒഴിവാക്കണമെന്നും അക്രഡിറ്റഡ് ഏജൻസികളെക്കൊണ്ട് ഈ പ്രവൃത്തി ചെയ്യിപ്പിക്കുന്നതിന് ടാക്സ് ഒഴിവാക്കണമെന്നും നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. ബി.എസ്.യു.പി. പദ്ധതിയിൽ കേന്ദ്ര വിഹിതത്തിന്റെ അനുപാതമായി നഗരസഭാ വിഹിതം

വികസന ഫണ്ടിൽനിന്നും അടയ്ക്കാമെന്നും അതിന് കഴിയുന്നില്ലെങ്കിൽ ആവശ്യമായ തുക കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽനിന്ന് വായ്പ എടുക്കാവുന്നതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഉണ്ടായ അധിക സാമ്പത്തിക ബാധ്യത സർക്കാരും നഗരസഭയും തുല്യമായി എടുക്കുക, റിറ്റൻഷൻ മണി പത്ത് ശതമാനത്തിൽനിന്നും രണ്ട് ശതമാനമാക്കുക, 7.5 ശതമാനം നികുതി ഇളവ് അനുവദിക്കുക എന്നീ ആവശ്യങ്ങളിൽ ഉചിതമായ തീരുമാനം എടുക്കുന്നതായിരിക്കും.

(13) <u>കോന്നി നിയോജകമണ്ഡലത്തിൽ വൈദ്യുതി ലൈൻ</u>

<u>ശ്രീ. അടൂർ പ്രകാശ്</u> : മലയോര മേഖലയായ കോന്നിയിൽ കൊക്കത്തോട്, ആവോലിക്കുഴി തുടങ്ങി വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളിൽ പുതിയ ലൈൻ വലിക്കുന്നതിനും വോൾട്ടേജ് ക്ഷാമമുള്ള പ്രദേശത്ത് ട്രാൻഫോർമർ സ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: കോന്നി നിയോജകമണ്ഡലത്തിലെ കൊക്കത്തോട്, ആവോലിക്കുഴി ഭാഗങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പത്തനംതിട്ട ജില്ലയിലെ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം തത്വത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും പണം ലഭിച്ചിട്ടില്ല. അതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. കൈനക്കരയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 9.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്.

കൂടാതെ കോന്നി മണ്ഡലത്തിൽ 7 കിലോമീറ്റർ 11 കെ.വി. ലൈനും 8 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോന്നി മണ്ഡലത്തിൽ 2440 കണക്ഷൻ നൽകുകയും മൂന്ന് കോളനികൾ വൈദ്യുതീകരിക്കുകയും ചെയ്തു. 13 കിലോമീറ്ററിൽ 11 കെ.വി. ലൈനും 13 ട്രാൻസ്ഫോർമറുകളും 15 കിലോമീറ്ററിൽ എൽ.റ്റി. ലൈനും സ്ഥാപിച്ചു. പീപ്പിൾസ് പാർട്ടിസിപ്പേഷൻ പദ്ധതിയും പൂർത്തിയാക്കി. കോന്നി 33 കെ.വി. സബ്സ്റ്റേഷന്റെ പണി മേയ് മാസത്തോടുകൂടി പൂർത്തിയാകും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും.

(14) 'മൊഗ്രാൽ' പക്ഷിപ്പാട്ടിന്റെ കേന്ദ്രം

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർകോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ മൊഗ്രാലിനെ പക്ഷിപ്പാട്ടിന്റെ പൈതൃക ഗ്രാമമാക്കി പ്രഖ്യാപിക്കുന്നതിനും പക്ഷിപ്പാട്ടിന്റെ വിവിധ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഒരു പഠന കേന്ദ്രം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പഴക്കംചെന്ന ഈ കലാരൂപം പഠിപ്പിക്കാനും പ്രചരിപ്പിക്കാനും ഗവൺമെന്റ് ശ്രദ്ധ ചെലുത്തുന്നതാണ്. സംഗീത നാടക അക്കാഡമി, ഫോക്‌ലോർ അക്കാഡമി തുടങ്ങിയ സ്ഥാപനങ്ങൾ ഇത് ഏറ്റെടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിക്കും. മൊഗ്രാലിനെ ഇസൽഗ്രാമം എന്നാണ് ഇപ്പോൾ

അറിയുന്നത്. മൊഗ്രാൽ പക്ഷിപ്പാട്ടിന്റെ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന ആവശ്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(15) മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. പി.കെ. അബ്ദുറബ്ബ്: മഞ്ചേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ മുനിസിപ്പാലിറ്റി തയ്യാറാണെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് മഞ്ചേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

(16) വീട് തീ വച്ച് നശിപ്പിച്ച സംഭവം

ശ്രീ. പി.സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ വെൺമണി പഞ്ചായത്തിൽ 14-2-2008-ന് അർദ്ധരാത്രിയിൽ ഒരു സംഘം ആളുകൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് മാരോക്കാട്ടിൽ ശിവൻപിള്ളയുടെ വീട് പൂർണ്ണമായും കത്തിച്ചു. വീട്ടുടമ യഥാർത്ഥ പ്രതികളെ കാണുകയും അവ വെളിപ്പെടുത്തുകയും ചെയ്തിട്ടും ഇതുവരെ അവരെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലപ്പുഴയിൽ ശിവൻപിള്ള എന്ന ആളിന്റെ വീട്

ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പത്ത് പ്രതികളെ പോലീസ് പിടികൂടുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(17) ചേലേമ്പ്ര ഗ്രാമീണ ബാങ്കിലെ കവർച്ച

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 31-12-2007-ന് ചേലേമ്പ്ര ഗ്രാമീണ ബാങ്കിലുണ്ടായ കവർച്ചയിൽ ഏകദേശം ഏഴരക്കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വാടകയ്ക്ക് താമസിക്കുന്നവർ ഇത്തരം പല കേസ്സുകളിലും പങ്കാളികളായിട്ടുണ്ട്. വാടകയ്ക്ക് താമസിക്കുന്നവർക്ക് തിരിച്ചറിയൽ രേഖ നിർബന്ധമാക്കുന്നതിന് നിർദ്ദേശം നൽകണം. കവർച്ച നടത്തിയവരെ അറസ്റ്റ് ചെയ്യാനും. നഷ്ടപ്പെട്ട ആഭരണങ്ങൾ കണ്ടെത്താനും ഇത്തരത്തിലുള്ള മോഷണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മലപ്പുറം ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് നാല് പ്രതികളെ അറസ്റ്റ് ചെയ്യുകയും മോഷണ മുതലിൽപ്പെട്ട 58 കിലോഗ്രാം സ്വർണ്ണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ബാങ്കുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് ബാങ്കിംഗ് മേഖലയിൽ പ്രവർത്തിക്കുന്നവരുടേയും ബന്ധപ്പെട്ട വകുപ്പു മേധാവികളുടേയും പോലീസ് ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുകൂട്ടുന്നതാണ്.

(18) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സാമൂഹ്യ വിരുദ്ധ ശല്യം

ശ്രീ. ബി. ബാബു പ്രസാദ് : 13-1-2008-ലെ ഗുണ്ടാ ആക്രമണത്തിൽ ഹരിപ്പാട് കാട്ടുപറമ്പിൽ സുരേഷ് കുമാർ കൊല്ലപ്പെട്ട സംഭവത്തിൽ മൂന്നുപേരെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്യാത്ത നാലാമത്തെയാൾ മറ്റൊരു കൊലക്കേസ്സിലും പ്രതിയാണ്. പകൽ ഗുണ്ടാ പ്രവർത്തനവും രാത്രി മോഷണവുമാണ് ഈ പ്രദേശത്ത് നടക്കുന്നത്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകുന്നതാണ്.

(19) എസ്.എസ്.എ. ഫണ്ട്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വിദ്യാഭ്യാസ കാര്യങ്ങളെ വിവാദങ്ങളിൽനിന്നും ഒഴിവാക്കാനും ചോദ്യപേപ്പറുകൾ രാഷ്ട്രീയവൽക്കരിക്കാതെ പരീക്ഷയുടെ പരിശുദ്ധി നിലനിർത്താനും നിർദ്ദേശം നൽകണം. എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് സ്കൂൾ ലൈബ്രറികളിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങുന്ന നടപടി സുതാര്യമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിദ്യാഭ്യാസത്തിന്റെ നിലവാരം തകർക്കുന്നതിനോ രാഷ്ട്രീയവൽക്കരിക്കുന്നതിനോ ഗവൺമെന്റിന് ഉദ്ദേശമില്ല. എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട പരാതിയെത്തുടർന്ന് ചില മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയും സുതാര്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(20) റെഡ്ക്രോസ് മാനുവൽ

ശ്രീ. വി.എൻ. വാസവൻ: കോട്ടയത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള റെഡ്ക്രോസ് മാനുവൽ എസ്.സി.ഇ.ആർ.ടി. പരിശോധിച്ച് അംഗീകൃത സിലബസ്സാക്കി റെഡ്ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി.ക്ക് 10 മാർക്ക് ഗ്രേസ് മാർക്കായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): റെഡ്ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി.ക്ക് ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്. കോട്ടയം റെഡ്ക്രോസ് സൊസൈറ്റി പുറത്തിറക്കിയ റെഡ്ക്രോസ് മാനുവൽ അംഗീകൃത സിലബസ്സാക്കാൻ സാധിക്കുമോയെന്ന് എസ്.സി.ഇ.ആർ.ടി. യെക്കൊണ്ട് പരിശോധിപ്പിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(21) അരൂർ-വൈറ്റില എൻ.എച്ച്. ബൈപാസ്

ശ്രീ. സി.എം. ദിനേശ് മണി: അരൂർ മുതൽ വൈറ്റില വരെയുള്ള ദേശീയ പാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് റിപ്പയറിംഗ് വർക്കുകൾ നടത്താൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 2004 ഫെബ്രുവരിയിൽ ആരംഭിച്ച എൻ.എച്ച്.-47-ലെ വൈറ്റില മുതൽ അരൂർ വരെയുള്ള പ്രവൃത്തികൾക്ക് മാർച്ച് മാസത്തിൽ കേന്ദ്രാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്രതലത്തിൽ ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും അടിയന്തിരമായി അനുമതി തരണമെന്ന് ആവശ്യപ്പെടുകയും

ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുകയാണെങ്കിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(22) ടെക്നോ സിറ്റി സ്ഥലമെടുപ്പിലെ അപാകത

ശ്രീ. എം.എ. വാഹിദ്: 2004-ൽ ടെക്നോ സിറ്റിയുമായി ബന്ധപ്പെട്ട് 507 ഏക്കർ ഭൂമി എടുക്കുന്നതിന് നോട്ടിഫൈ ചെയ്തതാണ്. അത് രണ്ട് ഘട്ടമായാണ് എടുക്കാൻ തീരുമാനിച്ചത് പ്രശ്നങ്ങളുണ്ടാക്കി. ഡെപ്യൂട്ടി കളക്ടർക്കും തഹസിൽദാർക്കും എതിരെ വിജിലൻസ് കോടതിയിൽ കേസ് വന്നിരിക്കുകയാണ്. 25 സെന്റ് മുതൽ 25 ഏക്കർവരെയുള്ള സ്ഥലമാണ് എടുക്കുന്നത്. ചിലരുടെ ഭൂമിയിൽ പത്ത് സെന്റ് ഒഴികെ ബാക്കി ഭൂമി മുഴുവൻ എടുക്കുന്നുണ്ട്. അന്യായമായി ഒഴിവാക്കപ്പെട്ട സ്ഥലങ്ങൾ ഉൾപ്പെടുത്താനും ചില വീടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴിവാക്കിക്കൊടുക്കാനും നടപടി സ്വീകരിക്കണം. എം.പി., എം.എൽ.എ., ജില്ലാ കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, ബന്ധപ്പെട്ട പഞ്ചായത്തുകളിലെ മെമ്പർമാർ എന്നിവരുൾപ്പെടെയുള്ളവർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഒഴിവാക്കേണ്ട സ്ഥങ്ങളെക്കുറിച്ചും വിട്ടുകൊടുക്കേണ്ട സ്ഥലങ്ങളെക്കുറിച്ചും എടുത്ത തീരുമാനങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് ഏക്കർ കണക്കിനുള്ളവരുടെ ഭൂമി ഒഴിവാക്കിക്കൊടുക്കുന്ന നടപടി അവസാനിപ്പിക്കണം. ടെക്നോ സിറ്റിക്ക് ഭൂമി കൊടുത്തതുസംബന്ധിച്ച് അന്വേഷണം നടത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 21-2-06-ലെ സർക്കാർ ഉത്തരവുപ്രകാരം ടെക്നോ സിറ്റിക്കുവേണ്ടി പള്ളിപ്പുറം, മേൽതോന്നയ്ക്കൽ, അണ്ടൂർക്കോണം, വെയിലൂർ വില്ലേജുകളിലായി 507 ഏക്കർ ഭൂമി പൊന്നും

വിലയ്ക്ക് എടുക്കാൻ അനുമതി ലഭിച്ചിട്ടുള്ളതാണെന്നും ടെക്നോപാർക്ക് അധികൃതരാണ് സ്ഥലം കണ്ടെത്തിയതെന്നുമാണ് സർവ്വേ റിപ്പോർട്ട്. ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥരുടെ ഇടപെടൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 11 കാറ്റഗറിയായി തിരിച്ചാണ് ഭൂമിക്ക് വില നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ഗവണ്മെന്റ് ജില്ലാ കളക്ടർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ എടുക്കുന്നത്. അപാകതകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതാണ്. എത്രയുംവേഗം സ്ഥലം ഏറ്റെടുത്ത് ഉടമകൾക്ക് ന്യായമായ വില നൽകി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

(23) നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ.

ശ്രീ. മുരളി പെരുനെല്ലി: തൃശൂർ ജില്ലയിൽ ഈ വർഷം സംഭരണ രംഗത്ത് സഹകരണസംഘങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. ഒരു ക്വിന്റൽ നെല്ലിന് 85 രൂപ ഹാൻഡ്ലിംഗ് ചാർജ്ജ് കൊടുത്ത് കഴിഞ്ഞ വർഷം വരെ നെൽ സംഭരണ രംഗത്തുണ്ടായിരുന്ന സഹകരണസംഘങ്ങളെ പ്രയോജനപ്പെടുത്തി ജില്ലയിലെ മുഴുവൻ നെല്ലും സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ഏറ്റവും ഉയർന്ന വില നൽകിക്കൊണ്ടാണ് കേരളത്തിൽ സിവിൽ സപ്ളൈസ് കോർപ്പറേഷൻ നെല്ല് സംഭരണം നടത്തുന്നത്. സംഭരണത്തിന്റെ കാര്യത്തിൽ ഇപ്പോൾ തൃശൂർ ജില്ലയിൽ നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സിവിൽ സപ്ളൈസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

(24) ഒറ്റപ്പാലം ടൗണിൽ ട്രാഫിക് സിഗ്നൽ.

ശ്രീ. എം. ഹംസ: ധാരാളം അപകടമരണങ്ങൾ സൃഷ്ടിക്കുന്ന മങ്കര വളവ് നിവർത്താനും ഒറ്റപ്പാലം ടൗണിൽ ട്രാഫിക് സിഗ്നൽ സിസ്റ്റം സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പാലക്കാട് -ഷൊർണ്ണൂർ റോഡിൽ അംഗീകരിക്കപ്പെട്ട റോഡ് അലൈൻമെന്റ് പ്രകാരമാണ് നിലവിലുള്ള റോഡ് വീതി കൂട്ടി പണി പൂർത്തിയാക്കിയത്. അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ 3 കോടി രൂപ ചെലവു വരുന്ന പുതിയ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഒറ്റപ്പാലം ടൗൺ വീതി കൂട്ടുന്നതിനും ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് റോഡ് സേഫ്റ്റി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 3-12-07-ൽ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(25) കളമശ്ശേരി സീപോർട്ട് -എയർപോർട്ട് റോഡിലെ വളവ്.

ശ്രീ. എ.എം. യൂസഫ്: ഒട്ടേറെ അപകടങ്ങളുണ്ടാകുന്ന ആലുവ നിയോജകമണ്ഡലത്തിൽപ്പെട്ട സീപോർട്ട് -എയർ പോർട്ട് റോഡിലെ പൂജാരി റോഡിന്റെ വളവ് എത്രയും വേഗം നിവർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ..മോൻസ് ജോസഫ്): താൽക്കാലിക പരിഹാരം എന്ന നിലയിൽ ഉള്ള സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കളമശ്ശേരിയിലെ സീപോർട്ട്-എയർപോർട്ട് റോഡിന് കുറുകെയുള്ള ചരിവ്

അൽപ്പം കൂടി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, റിഫ്ളക്ടറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതാണ്.

(26) പട്ടാമ്പിയിലെ ബൈപാസ് റോഡ് നിർമ്മാണം.

ശ്രീ. സി.പി. മുഹമ്മദ്: റോഡ് സൈഡിലുള്ള പുറമ്പോക്ക് പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് എം.എൽ.എ ഫണ്ടോ മറ്റേതെങ്കിലും തുകയോ വിനിയോഗിച്ച് പണി പുനരാരംഭിക്കാനും ഒറ്റപ്പാലം തഹസീൽദാരുടെ നിർദ്ദേശപ്രകാരം നിർത്തിവച്ചിരിക്കുന്ന പട്ടാമ്പിയിലെ കമാനം മുതൽ ബസ്സ് സ്റ്റാൻഡ് വരെയുള്ള ബൈപാസ് റോഡ് നിർമ്മാണം ആരംഭിക്കാനും റോഡരികിലും നദിയിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പട്ടാമ്പി വില്ലേജിൽ ഭാരത പ്പുഴ പുറമ്പോക്കിൽ റോഡ് നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 22-5-06-ന് പ്രസ്തുത പണി നിർത്തിവയ്ക്കുന്നതിന് വില്ലേജ് ആഫീസർ നിർദ്ദേശം നൽകുകയും തഹസീൽദാർ സ്ഥല പരിശോധന നടത്തുകയും ചെയ്തു. പി.ഡബ്ളിയു.ഡി. സ്ഥലം അല്ലാത്തതിനാലും പുഴ പുറമ്പോക്ക് ആയതിനാലുമാണ് റോഡ് നിർമ്മാണം തടഞ്ഞത് എന്നാണ് റവന്യൂ അധികാരികളുടെ റിപ്പോർട്ട്. കോട്ടയം ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനുള്ള ഒരു പദ്ധതിയാണ് നിളാതീരം ബൈപാസ്. പുറമ്പോക്ക് സ്ഥലം ഉപയോഗപ്പെടുത്തി ഭാരതപ്പുഴ സംരക്ഷണം കൂടി ഉൾപ്പെടുത്തിക്കൊണ്ട് മഴക്കാലത്തിനു മുമ്പ് പണി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(27) പന്നിയാർ ദുരന്തത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം.

ശ്രീ. എസ്. രാജേന്ദ്രൻ: 17-9-2007-ൽ നടന്ന പന്നിയാർ ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 14 കുടുംബങ്ങൾ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സി ലാണ് ഇന്നും താമസിക്കുന്നത്. കാലവർഷം അടുത്തുവരുന്ന സാഹചര്യ ത്തിൽ പ്രസ്തുത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാനും അവരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: പന്നിയാർ ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 14 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും കാർഷിക വിളകൾക്ക് നഷ്ടപരിഹാരം കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം. ഇടുക്കി ജില്ല യിൽ ത്രിതല പഞ്ചായത്ത് സംവിധാനം വഴി നിർമ്മിക്കുന്ന വീടുകൾക്ക് തടസ്സം നിൽക്കുന്ന വിധത്തിൽ റവന്യൂ ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവ് പുന:പരിശോധിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പന്നിയാർ ദുരന്തം നടന്ന സ്ഥലത്ത് വീടും കൃഷിഭൂമിയും നശിച്ച 14 കുടുംബങ്ങളെ താൽക്കാ ലികമായി കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സിൽ താമസിപ്പിച്ചിരിക്കുകയാണ്. അവ രുടെ പുനരധിവാസം സംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി മന്ത്രിസഭ ചർച്ച ചെയ്ത് തീരുമാനം എടുത്തി ട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരന്തങ്ങളുണ്ടാകുമ്പോൾ നഷ്ടപ്പെടുന്ന വീട് നിർമ്മി ക്കാനായി സാമ്പത്തികസഹായം നൽകാമെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചി ട്ടുണ്ട്. ആ സഹായം കൂടി ഉൾപ്പെടുത്തി പരമാവധി സഹായങ്ങൾ ലഭ്യമാ ക്കാൻ പരിശ്രമിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം.

**2007-2008 സാമ്പത്തിക വർഷ.ത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളേയും 1983-84 മുതൽ 1985-86 വരെയും 1990-91, 1991-92, 1993-94, 1995-96 മുതൽ 2002-03 വരെയും ഉള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.**

2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളും 1990-91, 1991-92, 1993-94, 1995-96 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. പി.സി. വിഷ്ണുനാഥ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.ഇ.ആർ. പാഠ്യപദ്ധതി പരിഷ്ക്കരണം സംബന്ധിച്ച് ശ്രീ. സി.പി. നായർ കമ്മിറ്റി റിപ്പോർട്ട് കേരളീയ സമൂഹത്തിലുടനീളം ചർച്ച ചെയ്യുമെന്ന് പറഞ്ഞിട്ട് കെ.സി.എഫ്. 21-2-08-ന് ചർച്ച ചെയ്ത് 25-2-08--ന് അംഗീകരിക്കുകയും ചെയ്തു. ഈ പരിഷ്ക്കരണത്തിലൂടെ വിദ്യാഭ്യാസ മേഖലയാകെ രാഷ്ട്രീയവൽക്കരിച്ച് തകർക്കാൻ പോവുകയാണ്. കെ.ഇ.ആർ.-ൽ സ്റ്റേറ്റ് എഡ്യൂക്കേഷൻ കൗൺസിൽ, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ കൗൺസിൽ തുടങ്ങിയ പുതിയ സമിതികൾ വരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്,

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന ആളുകൾ തുടങ്ങിയവരാണ് ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ കൗൺസിൽ മെമ്പർമാർ. തദ്ദേശഭരണ വകുപ്പ് അക്കാദമിക് കാര്യങ്ങളിൽ ഇടപെടുന്നില്ലെന്ന് പറയുകയും വളരെ വിദഗ്ദ്ധമായി അധികാരങ്ങൾ റൂളിൽ എഴുതിവച്ച് ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ കൗൺസിലിനെ ഏൽപ്പിച്ച് വിദ്യാഭ്യാസ സമ്പ്രദായത്തെ തകർക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഡി.പി.ഐ. എന്നത് ഡയറക്ടർ ഓഫ് പബ്ലിക് എഡ്യൂക്കേഷൻ (ഇംപ്ലിമെന്റേഷൻ) എന്നാക്കിയിട്ട് അതിനുമുകളിൽ ഒരു കമ്മീഷണറും വന്നുകഴിഞ്ഞിരിക്കുന്നു. എ.ഇ.ഒ.യ്ക്ക് മുകളിൽ ഒരു പി.ഇ.ഒ. (പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ) വരാൻ പോവുകയാണ്. 66 ശതമാനം സ്കൂളുകളും കോസ്റ്റ് ഇഫക്ടീവായി നടത്തണമെന്നാണ് ഇതിൽ പറയുന്നത്. അതിന്റെ അർത്ഥം അങ്ങനെ പ്രവർത്തിച്ചില്ലെങ്കിൽ അൺഎയിഡഡ് ആക്കിമാറ്റുമെന്നാണ്. വി.എച്ച്.എസ്.ഇ. അബോളിഷ് ചെയ്ത് ഹയർ സെക്കണ്ടറിയിൽ 5-ാം ഗ്രൂപ്പായി കൊണ്ടുവരാൻ പോകുന്നു. പ്രൈവറ്റ് സ്റ്റഡി ഇല്ലാതാക്കുമെന്ന് പറയുന്നുണ്ട്. മലബാർ മേഖലയിൽ വേണ്ടത്ര കോളേജുകൾ അനുവദിക്കാതെ പ്രസ്തുത തീരുമാനം നടപ്പിലാക്കിയാൽ കേരളീയ സമൂഹത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകും. സംസ്ഥാനത്ത് നിലവിലുള്ള സ്വാശ്രയ കോളേജുകളുടെ എണ്ണം അധികമാണെന്ന അഭിപ്രായം നിലനിൽക്കെ 140 സഹകരണ കോളേജുകൾ തുടങ്ങുമെന്ന് സഹകരണ വകുപ്പുമന്ത്രി പ്രസ്താവിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹകരണ മെഡിക്കൽ കോളേജുകളിൽ 6800 രൂപ ഫീസ് വാങ്ങിയിരുന്ന സ്ഥാനത്ത് ഈ ഗവൺമെന്റ് വന്നപ്പോൾ 50,000

രൂപ ഫീസും 1.5 ലക്ഷം രൂപ കാഷൻ ഡെപ്പോസിറ്റും വാങ്ങി. വിദ്യാഭ്യാസ മാഫിയയുമായുള്ള ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.

ശ്രീ. എ.എം. ആരിഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യം അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ, പണപ്പെരുപ്പം, വിലക്കയറ്റം, കർഷക ആത്മഹത്യ തുടങ്ങിയ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. സംസ്ഥാനങ്ങളിൽ റവന്യൂ കമ്മിയും ധനക്കമ്മിയും കൂടുകയാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റ് പരിശ്രമിക്കേണ്ടതുണ്ട്. സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട നികുതിവിഹിതം അനുവദിച്ചുകൊണ്ട് ഒരു സാമ്പത്തിക അഴിച്ചുപണി നടത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. അവർക്ക് ഇക്കാര്യത്തിൽ അഖിലേന്ത്യാ വീക്ഷണമുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടെയും സ്ഥിതി മെച്ചപ്പെടുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെ അനുമോദിക്കേണ്ടതാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. വിലക്കയറ്റം കുറച്ചുകൊണ്ടുവരേണ്ടത് ഒരു പൊതു ആവശ്യമാണ്. അതിന് ദീർഘവീക്ഷണത്തോടുകൂടി പ്രവർത്തിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ പോരായ്മകൾ കണ്ടെത്തി മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കേരളത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ച ഈ ഗവൺമെന്റിന്റെ നടപടി ശ്ലാഘനീയമാണ്. ജനശ്രീ പദ്ധതി നല്ല രീതിയിൽ നടത്തുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരി ക്കുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുക യൊന്നും ചെലവഴിക്കാതെ വീണ്ടും ഉപധനാഭ്യർത്ഥന അവതരിപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളൊന്നും നടത്താതെ കൂടുതൽ ലോട്ടറികൾ ഏർപ്പെടുത്തുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുവഴി യാതൊരു പ്രയോജനവും കിട്ടാൻ പോകുന്നില്ല. മദ്യത്തിന്റെ ലൈസൻസ് ഫീസ് മാത്രം 20 ശതമാനം കുറച്ചിട്ടുണ്ട്. കോഴികളുടെ വിൽപ്പന നികുതി 50 ശതമാനം കൂട്ടിയതുവഴി കോഴിയിറച്ചി വിൽപ്പനയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവർ വളരെയധികം വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിയായിരുന്ന മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ മുതലാളി വർഗ്ഗത്തിന്റെ പാർട്ടിയായി മാറിയിരിക്കുന്നു. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന 50:50 എന്ന അനുപാതം മാറ്റിയതുമൂലം വിദ്യാർത്ഥികൾക്ക് അയൽ സംസ്ഥാനങ്ങളിൽ പോയി പഠിക്കേണ്ട അവസ്ഥയുണ്ടായിരിക്കുന്നു. ഗവൺമെന്റ് കോളേജുകളിൽ അദ്ധ്യാപക ക്ഷാമംകൊണ്ട് ബുദ്ധിമുട്ടുകയാണ്. കേരളത്തിലെ സമസ്ത മേഖലകളും തകർന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പറയുന്നുണ്ടെങ്കിലും അതിൽ പറഞ്ഞിരിക്കുന്ന ഒട്ടേറെ ശുപാർശകൾ നടപ്പിലാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല മലയാളഭാഷ പഠിപ്പിക്കുമെന്ന് പറയുന്നതിനപ്പുറമായി പ്രവാസികൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. സംസ്ഥാനത്തെ ക്രമസമാധാന രംഗം താറുമാറായി. പ്രതിപക്ഷ നേതാവിനുപോലും സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്നില്ല.

മന്ത്രിമാർ പോലീസ് സ്റ്റേഷനിൽപ്പോയി കുറ്റവാളികളെ ഇറക്കിക്കൊണ്ടുവരുന്ന സാഹചര്യമുണ്ടായിരിക്കുന്നു. പൊതുജനങ്ങൾക്കു നേരെ ഏറ്റവും കൂടുതൽ അക്രമം നടക്കുന്നത് കേരളത്തിലാണെന്ന് നാഷണൽ ക്രൈം റിപ്പോർട്ടിൽ വന്നിരിക്കുന്നു. അതിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കണ്ണൂർ ജില്ലയാണ്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരി 5.82 ശതമാനത്തിൽ നിൽക്കുമ്പോൾ കേരളത്തിലേത് 20.19 ശതമാനമാണ്. സംസ്ഥാനത്തെ സമസ്ത മേഖലകളിലും അഴിമതി കൊടുകുത്തി വാഴുന്നു.

<u>ശ്രീ. കെ. അജിത്</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകളും പട്ടിണി മരണങ്ങളും അന്യമായിരിക്കുന്നു. ഇന്ന് കേരളത്തിൽ ശാന്തമായ ഒരന്തരീക്ഷമുണ്ടായിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായിയെന്നത് പ്രശംസനീയമാണ്. ഈ ഗവൺമെന്റ് നെല്ലിന് അടിസ്ഥാന വില പ്രഖ്യാപിച്ചതിന്റെ ഫലമായി നെൽകൃഷി മേഖലയിൽ പുതിയൊരുണർവുണ്ടായി. കാർഷിക രംഗം പുനർജനിയുടെ വക്കത്തെത്തിയിരിക്കുന്നു. ഇൻഡ്യാ ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങളുടെ ക്വാട്ട വെട്ടിക്കുറച്ചിട്ടും യുക്തമായ ഇടപെടൽമൂലം പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തി വിലവർദ്ധനവ് നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ഇൻഡ്യയ്ക്കുതന്നെ മാതൃകയാണ്. കേന്ദ്ര ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം പല തവണ ഇന്ധന വില വർദ്ധിപ്പിച്ചത് നിത്യോപയോഗ സാധനങ്ങളുടെ വില ഉയരാനിടയായിട്ടുണ്ടെങ്കിലും പൊതുവിതരണ രംഗം ശക്തിപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിൽ വിലവർദ്ധനവുണ്ടായിട്ടില്ല. ചാലക്കുടിയിൽ മാംസ സംസ്ക്കരണ പ്ളാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കേരളത്തിൽ മിൽക്ക് ഷെഡ്, പശുഗ്രാമം തുടങ്ങിയ പദ്ധതികൾ ആരംഭിച്ചുകൊണ്ട് ഇടുക്കി, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ആധുനിക രീതിയിലുള്ള പാലുല്പാദന കേന്ദ്രം ആരംഭിക്കാൻ ഗവൺമെന്റ് മുൻകൈയെടുത്തുകൊണ്ടിരിക്കുകയാണ്. ആദിവാസികൾക്കും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിൽസ നൽകാനും വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളാനും നടപടി സ്വീകരിച്ചു. കമ്മ്യൂണിറ്റി പോലീസ് സംവിധാനം ഏർപ്പെടുത്തുകവഴി കേരളത്തിൽ വ്യാപകമായി സൗഹൃദ പോലീസ് അന്തരീക്ഷം സൃഷ്ടിക്കാൻ പോകുകയാണ്. കെ.ഇ.ആർ പാഠ്യ പരിഷ്ക്കരണ പദ്ധതിയുടെ ഭാഗമായി പ്രൊഫഷണൽ രംഗം ഒഴിച്ചുള്ള വിദ്യാഭ്യാസ മേഖലയെ ത്രിതല പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരുന്നതുവഴി രക്ഷകർത്താക്കൾക്ക് സ്കൂളുകളിലെ പോരായ്മകളെ സംബന്ധിച്ചും മറ്റുമുള്ള അഭിപ്രായങ്ങൾ പറയുന്നതിന് വേദിയുണ്ടാക്കിയിട്ടുള്ളത്. സ്വാഗതാർഹമാണ്

<u>ശ്രീ. തോമസ് ചാഴികാടൻ :</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാന സർക്കാർ പ്ളാൻ ഫണ്ട് വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല. കേന്ദ്രത്തിൽനിന്നും വിവിധയിനങ്ങളിൽ ലഭ്യമായ തുക ചെലവഴിക്കാതെയാണ് വീണ്ടും ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നത്. കെ.എസ്.ടി.പി, കേരള സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് പ്രോജക്ട്, സുനാമി

ദുരിതാശ്വാസം തുടങ്ങിയവയ്ക്കുവേണ്ടി ലഭ്യമായ തുകയുടെ കാൽ ഭാഗംപോലും സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടില്ല. പദ്ധതി വിഹിതം മുഴുവനും ചെലവാക്കാൻ സാധിച്ചിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി നീക്കിവച്ച തുകയുടെ വിനിയോഗത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഭിന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇനിയുള്ള ഒന്നരമാസക്കാലംകൊണ്ട് ബാക്കിയുള്ള തുക ചെലവഴിക്കാമായിരുന്നെങ്കിലും ചീഫ് സെക്രട്ടറി ഒരു ഓർഡർ പുറപ്പെടുവിച്ചിരിക്കുന്നതുകൊണ്ട് അതും സാധിക്കാത്ത സ്ഥിതിയാണുണ്ടായി രിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലമാണ് അനുവദിച്ച പണംപോലും ചെലവഴിക്കാൻ കഴിയാതെ പോയത്.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ ചെലവ് 13 ശതമാനം വർദ്ധിച്ചിരിക്കുന്നതായും ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുന്നില്ലായെന്നുള്ള പോരായ്മയും സി.ആന്റ് എ.ജി. റിപ്പോർട്ടിലുണ്ട്. റവന്യൂ വരുമാനത്തിന്റെ 68 ശതമാനം ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് എന്നിവയ്ക്ക് നീക്കിവയ്ക്കേണ്ടിവരുന്നു. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കണക്ക് പ്രകാരം കേരളത്തിന്റെ ആളോഹരി കടം 17,100 രൂപയും സംസ്ഥാനത്തിന്റെ പൊതുകടം 52557.76 കോടി രൂപയുമാണ്. മുൻകാലത്ത് തുടർന്നുവരുന്ന സാമ്പത്തിക സ്ഥിതിയിൽ മാറ്റം വരുത്തണം. കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ടായിരുന്ന 1190 കോടി രൂപ ഈ ഗവൺമെന്റ് കൊടുക്കുകയുണ്ടായി. നികുതിപിരിവിൽ

കഴിഞ്ഞ വർഷം 15 ശതമാനത്തോളം വർദ്ധവ് ഉണ്ടായിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തെ ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ച 9 ശതമാനമെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ കണക്ക് അംഗീകരിക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തെ ദാരിദ്ര്യം ഇല്ലാതാക്കാൻ 30 വർഷം കഴിയണം. അടിസ്ഥാന വർഗ്ഗങ്ങളുടേയും ദുർബല ജനവിഭാഗങ്ങളുടേയും ക്ഷേമവും ഉന്നമനവും ലക്ഷ്യമാക്കിയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നത്. പല കേന്ദ്രാവിഷ്കൃത പദ്ധതികളും കേരളത്തിന്റെ സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ ഉല്പന്നങ്ങൾക്ക് വിലയിടിയുന്നതിനും കയറ്റുമതി ഇല്ലാതാകുന്നതിനും പ്രധാന കാരണം സാർക്ക് രാജ്യങ്ങളിൽ ഇറക്കുമതി ചുങ്കം ഇളവ് ചെയ്ത് കൊടുത്തിട്ടുള്ളതുകൊണ്ടാണ്. ഗവൺമെന്റിന്റെ ക്രിയാത്മകമായ സമീപനങ്ങളിൽ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണം.

<u>ശ്രീ. കെ.ടി. ജലീൽ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ 21 മാസമായി ഒരു സാമ്പത്തിക അച്ചടക്കം ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വരുത്തിവച്ച ഭീമമായ സാമ്പത്തിക ബാധ്യത ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാശ് സംസ്ഥാനങ്ങൾക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം കൊടുക്കുന്നതുകാരണം ചെലവഴിക്കാൻ സാധിക്കുന്നില്ല. സാധാരണക്കാരുടേയും പാവപ്പെട്ട ജനവിഭാഗങ്ങളുടേയും ജീവിതം ക്ലേശപൂർണ്ണമാകാതിരിക്കാൻ വേണ്ടിയാണ് 120 കോടി രൂപ

മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ചെലവഴിച്ചത്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനുള്ള അടിസ്ഥാനപരമായ കാരണം ഓപ്പൺ ഡോർ പോളിസിയാണ്. ഇതിനെതിരെ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തിയില്ലെങ്കിൽ ഇതിനേക്കാൾ വലിയ വിലക്കയറ്റമായിരിക്കും ഇനി വരാൻ പോകുന്നത്. സാമൂഹിക പ്രതിബദ്ധതയുള്ള മത-സാമൂഹിക സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സെൽഫ് ഫിനാൻസിംഗ് കോളേജുകൾ നൽകുന്നതിനുപകരം വ്യക്തി മാനേജുമെന്റുകൾക്ക് നൽകിയതുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ സമൂഹത്തിന്റെ തീരാശാപമായി മാറിയത്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പഠിക്കാൻ അവസരം ഉണ്ടാകത്തക്ക വിധത്തിൽ ഈ രംഗത്ത് നിയന്ത്രണം കൊണ്ടുവരണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളം സാമ്പത്തിക വളർച്ചയിലും പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിലും ദേശീയ ശരാശരിയേക്കാൾ മുന്നിൽ നിൽക്കുകയാണ്. റവന്യൂ കമ്മിയിൽ ഈ സാമ്പത്തിക വർഷം 401 കോടി രൂപയുടെ കുറവുണ്ടായി. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെ വേണ്ട രീതിയിൽ പരിഗണിക്കാത്തതിനാൽ കേന്ദ-സംസ്ഥാന ബന്ധങ്ങളിൽ ഒരു പുതുക്കിപ്പണി ആവശ്യമാണ്. പെട്രോൾ ഉല്പന്നങ്ങളുടെ വില വർദ്ധനവ് കേരളത്തെ പ്രതികൂലമായി ബാധിച്ചു. സാർക്ക് രാജ്യങ്ങളിൽ ഇറക്കുമതി ചുങ്കം കുറച്ചത് കേരളത്തിന് ആഘാതം ഉണ്ടാക്കിയിരിക്കുകയാണ്. കേന്ദ്ര വില്പന നികുതി നിരക്ക് കുറയ്ക്കുകയാണെങ്കിൽ കേരളത്തിന് വലിയ നഷ്ടമുണ്ടാകും. പ്രവാസി മലയാളികൾവഴി കേരളത്തിലെത്തുന്ന പണം വ്യാവസായിക മേഖലയിൽ ഉപയോഗപ്പെടുത്തിയാൽ ഗുണകരമാകും. നികുതി വരുമാനത്തിന്റെ നല്ലൊരു

ശതമാനവും ശമ്പളത്തിനും പെൻഷനും കടം തിരിച്ചടവിനുമായി ഉപയോഗിക്കുന്നതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്കായി പുതിയ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകണം. കാർഷിക മേഖലയിൽ മാതൃകാപരമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചു.

ശ്രീമതി കെ.എസ്. സലീഖ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തിക്കൊണ്ട് ചിട്ടയായ പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടത്തിവരുന്നത്. 2006-07 സാമ്പത്തിക വർഷം റവന്യൂ വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 18.9 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. റവന്യൂ കമ്മി കുറയ്ക്കാനും നീക്കിയിരിപ്പ് തുക വർദ്ധിപ്പിക്കാനും സാധിച്ചു. റവന്യൂ വരുമാനത്തിന്റെ നല്ലൊരു പങ്കും ശമ്പളം, പെൻഷൻ, പലിശ എന്നിവ കയ്യടക്കുന്നുണ്ടെങ്കിലും ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക മാറ്റിവയ്ക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വാറ്റ് നികുതിയിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ലോട്ടറി, എക്സൈസ്, രജിസ്ട്രേഷൻ എന്നിവയിൽനിന്നും നികുതിയിനത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സ്വർണ്ണാഭരണ നികുതിയിലും വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സോഷ്യൽ ആഡിറ്റ് സംവിധാനം ശക്തമാക്കിയതിലൂടെ ഇൻഡ്യയ്ക്കു തന്നെ മാതൃകയാക്കി വാളയാർ ചെക്ക്പോസ്റ്റ് അഴിമതിരഹിതമാക്കാൻ സാധിച്ചു. സംസ്ഥാനത്തെ മുഴുവൻ ചെക്ക് പോസ്റ്റുകളിലും സോഷ്യൽ ആഡിറ്റ് വ്യാപിപ്പിച്ച് ചെക്ക്പോസ്റ്റുകളിലെ അഴിമതി ഇല്ലാതാക്കണം. ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും ക്ഷേമ പെൻഷൻ കുടിശ്ശികയുൾപ്പെടെയുള്ള ജനക്ഷേമകരമായ എല്ലാ

ആവശ്യങ്ങൾക്കും ട്രഷറി നിയന്ത്രണമേർപ്പെടുത്താതെ ധനകാര്യ മാനേ ജ്മെന്റ് മെച്ചപ്പെടുത്താൻ കഴിഞ്ഞു. സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യവി ഹിതം ലഭിക്കുന്നില്ലെന്നുമാത്രമല്ല, നിലവിലുള്ളതുപോലും കേന്ദ്രത്തിൽ നിന്ന് വെട്ടിക്കുറച്ചതിന്റെ ഫലമായി സംസ്ഥാനത്തെ പൊതുവിതരണ സംവി ധാനം തകിടംമറിഞ്ഞു. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾമൂലം കേരളത്തിലെ ന്നല്ല, ഇൻഡ്യയിലൊട്ടാകെ വിലക്കയറ്റം ഉണ്ടായി. "സഹകരണ വിപണന കേരളീയം" പദ്ധതി വഴി നിത്യോപയോഗസാധനങ്ങളുടെ വില പിടിച്ചുനിറുത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിതരണ മേഖലയെ അഴിമതി വിമു ക്തമാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ആരോഗ്യമേഖലയിലും ശക്തമായ ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തി യത്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള മരുന്ന്, വൈദ്യോപകരണങ്ങൾ എന്നിവ സപ്ളൈ ചെയ്യുമെന്ന് ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചി രിക്കുന്നു. അനധികൃതമായി ആശുപത്രികളിൽ ഹാജരാകാത്ത ഡോക്ടർമാരെ പിരിച്ചുവിടാനുള്ള ധീരമായ നടപടിയാണ് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സ്വീകരിച്ചത്. രാജീവ് ഗാന്ധി ബയോ ടെക്നോളജിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചിക്കുൻഗുനിയയ്ക്കെതിരെ സൗജന്യ രക്തപരിശോധന നടത്താൻ തീരുമാനിച്ചു. ആരോഗ്യ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനുള്ള പ്രവർത്തനമാരംഭിച്ചു. നിരാലംബരായ സ്ത്രീകളേയും വിധവകളേയും സഹായിക്കാൻ അനുകൂല മായ നടപടികൾ സ്വീകരിച്ചു. ജെന്റർ അഡ്വൈസറി കമ്മിറ്റിയുടെ പ്രവർത്തനം ജനങ്ങൾക്ക് ഉപയോഗപ്രദമാക്കി. ഈ സർക്കാർ അധികാര

ത്തിൽ വന്നതിനുശേഷം വൈദ്യുതി മേഖലയിൽ ഒരു വൻ മുന്നേറ്റമാണുണ്ടായത്.

<u>ശ്രീ. പി.സി.ജോർജ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാർച്ച് 12-ന് ഉൽസവം ആരംഭിക്കുന്ന ശബരിമലയിലെ സൗകര്യങ്ങൾ പരിശോധിച്ച് അവിടെ ആവശ്യമുള്ളത് ചെയ്യണം. മൂലമ്പള്ളിയിൽ കുടിയൊഴിപ്പിക്കപ്പെട്ട 14 കുടുംബങ്ങൾക്ക് 6 സെന്റ് ഭൂമി വീതം നൽകണം. വാളയാർ ചെക്ക്പോസ്റ്റിലെ പരിശോധന ശക്തമാക്കണം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുകടം വർദ്ധിച്ചു. വികസന പ്രവർത്തനങ്ങൾക്കായി ആഭ്യന്തര വിഭവ സമാഹരണത്തിലൂടെ പണം സമ്പാദിക്കാനും സ്വർണ്ണക്കച്ചവടക്കാരിൽനിന്ന് ന്യായമായ ടാക്സ് ഈടാക്കാനും ശ്രമിക്കണം.

<u>ശ്രീ. എ.എ. അസീസ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഗവണ്മെന്റ് പുനരാരംഭിച്ചു. സാധാരണക്കാരനും തൊഴിലാളികൾക്കും കർഷകനുമെല്ലാം ആശ്വാസം പകർന്നുകൊടുത്തുകൊണ്ടുള്ള ഒരു ധന മാനേജ്മെന്റ് ആണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കാർഷിക കടംമൂലം ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിന് 50,000 രൂപ വീതം കൊടുത്തു. പൊതുജനാരോഗ്യവകുപ്പിൽ ഒഴിഞ്ഞുകിടന്ന 6000 തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു.

<u>ശ്രീ. ബാബു. എം. പാലിശ്ശേരി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കട

ബാദ്ധ്യതയിൽ നിന്ന് സംസ്ഥാനത്തെ മോചിപ്പിക്കാൻ ശ്രമിച്ചത് നല്ല കാര്യമാണ്. 2010-ൽ ധനക്കമ്മിയും റവന്യൂ കമ്മിയും സീറോ പോയിന്റിലേയ്ക്ക് കൊണ്ടുവരാൻവേണ്ടി ഈ ഗവൺമെന്റ് പ്രാഥമിക നടപടികൾ എടുക്കുന്നുണ്ട്. റവന്യൂ വരുമാനത്തിന്റെ ഒരു ഭാഗം ഉൽപ്പാദന വികസന മേഖലകളിൽ ചെലവഴിക്കണം. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റിന്റേയും എം.പി. മാരുടേയും ഇടപെടലിന്റെ ഫലമായിട്ടാണ് റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിച്ചത്. ഇത്തരം ഗുണപരമായ കാര്യങ്ങളെപ്പറ്റിയൊന്നും മാധ്യമങ്ങൾ എഴുതിക്കാണുന്നില്ല. ഏറ്റവും കൂടുതൽ ഭൂമി കയ്യേറ്റം നടക്കുന്ന കേരളത്തിൽ കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിന് ഗവണ്മെന്റ് ശ്രമിച്ചപ്പോൾ കേരള ഗവണ്മെന്റിനെ ഭൂമാഫിയയായി ചിത്രീകരിക്കാനുള്ള ശ്രമമാണ് നടന്നത്. അഴിമതിരഹിത ഭരണമാണ് ഈ ഗവണ്മെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഒരു മന്ത്രിക്കെതിരെപോലും ആക്ഷേപമോ അഴിമതി ആരോപണമോ തെളിയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. വാളയാർ ചെക്ക്പോസ്റ്റ് ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളെ അഴിമതിമുക്തമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയിലെല്ലാം കഴിഞ്ഞ 21 മാസക്കാലംകൊണ്ട് വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യം കണക്കിലെടുത്ത് ദീർഘവീക്ഷണമുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. കഴിഞ്ഞകാലത്ത് നിലനിന്നിരുന്ന അഴിമതി അവസാനിപ്പിച്ച് സഹകരണ മേഖലയെ സംശുദ്ധമാക്കുന്നതിന് സാധിച്ചു.

സഹകരണ മേഖലയിലൂടെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഒരു പരിധിവരെ തടയാൻ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് ഉയർന്നുവന്ന വെല്ലുവിളികളെ കൈകാര്യം ചെയ്തുവെന്ന് മാത്രമല്ല പകർച്ചവ്യാധികൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. കേരളത്തിന് അർഹമായ അരിവിഹിതവും വൈദ്യുതി വിഹിതവും കേന്ദ്രത്തിൽനിന്നും നേടിയെടുക്കാൻ ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പോരാടണം. നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഹാൻഡ്ലിംഗ് ചാർജ്ജ് യഥാസമയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ജോർജ് മേഴ്സിയർ</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സി.പി.ഐ. (എം) ന്റെ സമ്മേളനങ്ങൾ ആരംഭിച്ചശേഷം സംസ്ഥാനത്തെ ഒരു ഡിപ്പാർട്ടുമെന്റിലേയും ഫയലുകൾ നീങ്ങുന്നില്ല. പദ്ധതികൾക്കുവേണ്ടി ധനസഹായങ്ങളൊന്നും ലഭിക്കുന്നില്ല. കേരളത്തിന്റെ സാമ്പത്തികസ്ഥിതി മോശമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞവർഷം പ്ളാൻ കട്ട് ഇല്ലായെന്ന് അവകാശമുന്നയിച്ചെങ്കിലും 50 ശതമാനം പദ്ധതിനിർവ്വഹണം ഉണ്ടായിട്ടില്ല. സി.പി.ഐ.(എം)-ന്റെ പഴകിയ ആശയങ്ങളും സമീപനങ്ങളും മാറ്റി പുതിയ ആശയങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോയാൽ മാത്രമേ സംസ്ഥാനത്ത് വികസനം ഉണ്ടാകൂ. കഴിഞ്ഞ 21 മാസക്കാലമായി ഈ ഗവണ്മെന്റ് കേരളത്തെ പിന്നോട്ടാണ് നയിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരുമിച്ച് നിൽക്കാൻ പ്രതിപക്ഷം തയ്യാറാണ്. കേരളത്തിലെ റോഡുകളെല്ലാം തകർന്നുകൊണ്ടിരിക്കുന്നു.

വിദ്യഭ്യാസമേഖലയും തകർന്നു. കേന്ദ്ര ഗവണ്മെന്റിന്റെ സഹായംകൊണ്ട് ചില മേഖലകൾ മാത്രം പിടിച്ചുനിൽക്കുന്നു.

ശ്രീ. കെ. രാജു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവണ്മെന്റ് നടത്തിവരുന്നതും തുടങ്ങിവച്ചതുമായ പദ്ധതിപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക സപ്ളിമെന്ററി ഡിമാന്റിലൂടെ അംഗീകരിച്ചു നൽകാൻ സഭയ്ക്ക് ബാദ്ധ്യതയുണ്ട്. കഴിഞ്ഞ 20 മാസത്തിനുള്ളിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. പി.ഡബ്ള്യൂ.ഡി. റോഡുകൾ സഞ്ചാരയോഗ്യമാക്കി. പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കഴിഞ്ഞു. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും കേന്ദ്ര സർക്കാർ പിന്തുടരുന്ന മുതലാളിത്ത സാമ്പത്തിക നയത്തിന്. എതിരാണ്. ഫാസിസ്റ്റ് വർഗ്ഗീയ ശക്തികൾ അധികാരത്തിൽ വരാതിരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കോമൺ മിനിമം പ്രോഗ്രാം പ്രകാരം യു.പി.എ. ഗവൺമെന്റിനെ പിന്തുണയ്ക്കുന്നത്. അസംബ്ലിയിലും പാർലമെന്റിലും വനിതാസംവരണം, തൊഴിലുറപ്പു പദ്ധതി തുടങ്ങി കോമൺ മിനിമം പ്രോഗ്രാമിലെ നിർദ്ദേശങ്ങൾ നടപ്പാക്കാതെ കേന്ദ്രഗവൺമെന്റ് അതിൽ നിന്നും വഴുതിപ്പോകുകയാണ്. 2002--നുശേഷം 2006 ഫെബ്രുവരി മാസത്തിൽ തോട്ടം തൊഴിലാളികളുടെ മിനിമംകൂലി മുൻകാല പ്രാബല്യത്തോടുകൂടി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയെങ്കിലും ഹൈക്കോടതി സ്റ്റേ വന്നതിനാൽ അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും എൽ.ഡി.എഫ്. ഗവൺമെന്റ് മുൻകൈ എടുത്ത് തോട്ടം ഉടമകളെ വിളിച്ച് ധാരണയുണ്ടാക്കി തൊഴിലാളികൾക്ക് പരമാവധി കൂലി കൊടുപ്പിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്.

<u>ശ്രീ. പി. വിശ്വൻ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉന്നത ദിശാബോധത്തോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വിവിധ വകുപ്പുകൾക്കായി തുക ചെലവഴിക്കുന്നത്. കഴിഞ്ഞ 21 മാസത്തെ ഈ ഗവൺമെന്റിന്റെ ധനകാര്യമാനേജുമെന്റ് കേരളീയ സമൂഹത്തിന്റെ ഭാവിയെക്കുറിച്ച് ശുഭാപ്തിവിശ്വാസമുണ്ടാക്കിയിരിക്കുകയാണ്. ജനോപകാരപ്രദമായ നടപടികൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഒരു സർക്കാരാണിത്. ജാതിമത വിശ്വാസങ്ങൾക്കതീതമായി തൊഴിലാളികളും കൃഷിക്കാരും ഇടത്തരക്കാരും അപ്പർ ക്ലാസ്സിൽപ്പെട്ടവരുമെല്ലാം ഓരോ ഗ്രാമീണ മേഖലയിലും നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുന്ന എൽ.ഡി.എഫ്. സർക്കാരിനുപിന്നിൽ അണിനിരക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേരളത്തിലെ വർഗ്ഗീയ ശക്തികളേയും പിന്തിരിപ്പൻ പ്രസ്ഥാനങ്ങളേയും കൂട്ടുപിടിച്ച് ഈ സർക്കാരിനെ തകർക്കാനുള്ള ഗൂഢാലോചനയാണ് പ്രതിപക്ഷം നടത്തുന്നത്. ചെലവുകളുടെ കാര്യത്തിൽ കാര്യക്ഷമത കാണിക്കുന്ന ഈ ഗവൺമെന്റിന്റെ സാമ്പത്തിക മാനേജുമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഓരോ ദിവസവും ശക്തിപ്പെടുത്തുന്നു. വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമ പ്രവർത്തനങ്ങൾ ഉന്നതിയിലേയ്ക്ക് കൊണ്ടുപോവുകയും പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കുകയും പാവപ്പെട്ട തൊഴിലാളികളെ സഹായിക്കുകയും ചെയ്യുന്ന ഈ ഗവൺമെന്റ് സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക തീർക്കുന്ന കാര്യത്തിൽ പ്രതിബദ്ധത കാണിച്ചു. മലബാർ ദേവസ്വം ബോർഡ് രൂപീകരണം വഴി ആയിരക്കണക്കിന് ജീവനക്കാരേയും ഭക്തജനങ്ങളേയും സഹായിക്കാനുള്ള ഈ സർക്കാരിന്റെ നടപടികൾ ശ്ലാഘനീയമാണ്. എച്ച്.ആർ.ആൻഡ് സി.ഇ.-യ്ക്ക്

കീഴിലുള്ള മലബാർ മേഖലയിലെ ദേവാലയങ്ങളിലെ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടത്തുകയും അവയുടെ പുനരുദ്ധാരണത്തിന് 85 ലക്ഷം രൂപ ഗ്രാന്റ് നൽകുകയും ചെയ്തതുവഴി കേരളീയ സമൂഹത്തിൽ ഒരു നവോത്ഥാന ചർച്ചയ്ക്ക് നേതൃത്വം കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. സഹകരണ മേഖലയിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പുനരുദ്ധാരണം, 100 നല്ല പുസ്തകങ്ങൾ അച്ചടിക്കാനുള്ള നടപടി, സാഹിത്യപ്രവർത്തകരുടെ റോയൽറ്റി കുടിശ്ശിക കൊടുത്തുതീർക്കുക എന്നിവ കേരളീയ സമൂഹത്തിന് മറക്കാൻ കഴിയില്ല. ഫിഷറീസ് മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ സഹായം കൊടുക്കുകയും പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും മത്സ്യത്തൊഴിലാളി കുട്ടികൾക്ക് വിദ്യാഭ്യാസം പൂർത്തിയാക്കാൻ സഹായ നടപടികൾ സ്വീകരിക്കുകയും ട്രോളിംഗ് വന്നപ്പോൾ ഉപരിതല മത്സ്യബന്ധനത്തിനുവേണ്ടി നിയമം കൊണ്ടുവരാൻ മുന്നോട്ടുവരികയും ചെയ്ത ഈ ഗവൺമെന്റിനെ അനുമോദിക്കുകയാണ്. മത്സ്യത്തൊഴിലാളി ക്ഷേമസെസ്സ് ബിൽ പാസ്സാക്കാനും കടാശ്വാസ നിയമം കൊണ്ടുവരാനും ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് നേട്ടം തന്നെയാണ്. വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ മനസ്സിൽ ഒരു ഭൗതികചിന്ത വളർത്തിയെടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഗവൺമെന്റിന്റെ ഇത്തരം പ്രവർത്തനങ്ങളെ ഹിന്ദുവർഗ്ഗീയ വാദികളേയും മറ്റു പിന്തിരിപ്പൻ ശക്തികളേയും കൂട്ടുപിടിച്ച് തകർക്കാനുള്ള ശ്രമങ്ങൾ വൃഥാവിലാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 5 കൊല്ലം കേരളീയ ജനതയുടെ ഭൗതിക വളർച്ച ഉറപ്പുവരുത്താൻ പ്രവർത്തിക്കുമെന്നുമാത്രമല്ല വരാൻ

പോകുന്ന കാലയളവിലും കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

<u>പ്രൊഫ. കെ.വി. തോമസ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ 20 മാസമായി സംസ്ഥാന ഭരണത്തിന് നേതൃത്വം കൊടുക്കുന്ന സഖാവ് വി.എസ്. അച്ചുതാനന്ദന്റെ പ്രവർത്തന ശൈലിയേയും രാഷ്ട്രീയ സമീപനത്തേയും കേരളീയ ജനത അംഗീകരിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വിജയത്തിന് വലിയ സംഭാവന നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. വല്ലാർപാടം അന്തർദേശീയ കണ്ടയ്നർ ടെർമിനൽ സമയബന്ധിതമായി പൂർത്തീകരിക്കണം. കോട്ടപ്പുറം മുതൽ കൊല്ലംവരേയും കൊല്ലം മുതൽ തിരുവനന്തപുരം വരേയുമുള്ള ദേശീയ ജലപാതയുടെ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. എച്ച്.എം.ടി ഭൂമി ഇടപാടിനെ സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. ജനകീയ പോലീസ് സംവിധാനം സ്വാഗതാർഹമാണ്. . മെഡിക്കൽ കോളേജുകളിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : അനുവദിച്ച പണം ചെലവാക്കാത്തവർക്ക് എന്തിനാണ് ഇനിയും പണമെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നുള്ള മെമ്പർമാർ ചോദിച്ചത്. സി.ആന്റ് എ.ജി-യുടെ റിപ്പോർട്ട് വായിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു ആരോപണം ഉന്നയിക്കില്ലായിരുന്നു. സംസ്ഥാനത്തിന്റെ ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വളരെ കൂടുതലാണ്. . ഈ

വർഷം റെക്കാർഡ് ചെലവായിരിക്കും വരാൻ പോകുന്നത്. സാമ്പത്തിക വളർച്ചയുണ്ടാകുമ്പോൾ മൊത്തം ചെലവ് കൂടും. ധനകാര്യ കമ്മീഷനിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന പണം ഓരോ വർഷവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തോട് പണം ആവശ്യപ്പെടുമ്പോൾ പ്ളാൻ എക്സ്പെന്റിച്ചർ എത്രയായി എന്നാണ് നോക്കുന്നത്. അതുകൊണ്ടാണ് മാർച്ചുമാസം അവസാനം വരെ കാത്തിരിക്കാതെ നവംബർ മാസത്തിലേ ചെലവാക്കുന്നത്. ഇത്തരത്തിലുള്ള കൃത്യമായ ഒരു ധനകാര്യ മാനേജുമെന്റിനാണ് ശ്രമിക്കുന്നത്. . സംസ്ഥാന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ കടം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ചെക്ക്പോസ്റ്റുകളിലെ ഗ്രീൻ ചാനൽ സംവിധാനത്തിൽ അഴിമതി നടക്കുന്നുവെന്ന് പറയുന്നത് ശരിയല്ല. അഴിമതി തടയാനും തിരക്കൊഴിവാക്കാനും റാണ്ടം ചെക്കിംഗ് നടത്താനുമുള്ള സംവിധാനമാണ് ഇന്നുള്ളത്. ചെക്കിംഗ് എളുപ്പവും ഫലപ്രദമാക്കുന്നതിനുമുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചെലവിന് യാതൊരു നിയന്ത്രണവുമില്ല ധനകാര്യ വകുപ്പിൽനിന്നും എക്സ്പെൻഡിച്ചർ സംബന്ധിച്ച് സർക്കുലർ ഇറക്കിയ ഉടൻതന്നെ കാലതാമസത്തിന്റെ പ്രശ്നം മനസ്സിലാക്കി സർക്കുലറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ബാധകമല്ലെന്നും എത്ര തുക വേണമെങ്കിലും ചെലവഴിക്കാമെന്നും പറഞ്ഞ് ക്ളാരിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. 1981 മുതലുള്ള എക്സസ്സ് ഡിമാന്റ്സാണ് ഇപ്പോൾ റെഗുലറൈസ് ചെയ്യുന്നത്. ബന്ധപ്പെട്ട കമ്മിറ്റികളും നിയമസഭയും ആലോചിച്ച് ഭാവിയിൽ ഇത്

ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണം. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II-ാം നമ്പർ ഉപധനാഭ്യർത്ഥന 18-നെതിരെ 67 വോട്ടുകളോടെയും പോലീസ് എന്ന XII-ാം നമ്പർ ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V -ാം നമ്പർ ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ഉപധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ഉപധനാഭ്യർത്ഥനയും ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ഉപധനാഭ്യർത്ഥനയും 18-നെതിരെ 68 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. മറ്റ് ഉപധനാഭ്യർത്ഥനകളും ചർച്ച കൂടാതെ പാസ്സാക്കേണ്ട

ഉപധനാഭ്യർത്ഥനകളും അധിക ധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

**************